**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3519** **14-07-2022 - ൽ മറുപടിയ്ക്ക്**

**എൻ.സി.സി.യുടെ അംഗബലം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എൻ.സി.സി.യുടെ അംഗബലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കുറവോ വർദ്ധനയോ ഉണ്ടായിട്ടുണ്ടോയെന്ന് വിശകലനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാന എൻ.സി.സി.യിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കേഡറ്റുകളുടെ അംഗബലം താഴെ പറയും പ്രകാരം വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്.<br>(I) 2017 - 77667,<br>(ii) 2018 - 79418,<br>(iii) 2019 - 81489,<br>(iv) 2020 - 81489,<br>(v) 2021 - 88064 |
| (ബി) | കേന്ദ്ര, സംസ്ഥാന സുരക്ഷാ സേനകളിൽ വർദ്ധിച്ചുവരുന്ന തൊഴിൽ സാധ്യത കണക്കിലെടുത്ത് എൻ.സി.സി. യുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനായി പ്രചരണം നടത്തുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | സംസ്ഥാന എൻ.സി.സി.യിൽ കാലാകാലങ്ങളിലെ അനുവദനീയമായ കേഡറ്റുകളുടെ അംഗബലം എല്ലാ വർഷവും നികന്നു പോകുന്നുണ്ട്. അതിനാൽ പ്രചരണം നടത്തേണ്ടതിന്റെ ആവശ്യകത വരുന്നില്ല. |
| (സി) | എൻ.സി.സി.യുടെ സി സർട്ടിഫിക്കറ്റുള്ള ഉദ്യോഗാർത്ഥികൾക്ക് സംസ്ഥാന യൂണിഫോംഡ് സേനകളിൽ പി.എസ്.സി.യുടെ പ്രിലിമിനറി പരീക്ഷ ഒഴിവാക്കി മെയിൻ പരീക്ഷ, കായികക്ഷമത, മെഡിക്കൽ പരിശോധനകൾ എന്നിവ മാത്രം ബാധകമാക്കി ഡയറക്ട് എൻട്രി സംവിധാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ